പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2592 1.4.2013 ലെ മറുപടിക്ക്

<u>പത്തനംതിട്ട ജില്ലയിൽ സ്വയം പര്യാപ്ത കോളനി പദ്ധതി</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) പട്ടികജാതി വികസന വകുപ്പിലൂടെ നടപ്പാക്കുന്ന 'സ്വയം പര്യാപ്ത ഗ്രാമങ്ങൾ' എന്ന പദ്ധതിയുടെ ലക്ഷ്യമെന്താണ്; ഇതനായി സർക്കാർ എത്ര രൂപയാണ് നീക്കി വച്ചിട്ടുള്ളത്; എത്ര വർഷം കൊണ്ട് ഈ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; എത്രത്തോളം ഇത് നടപ്പാക്കാൻ കഴിഞ്ഞു; ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണ്; | എ) | അൻപതോ അതിൽ കൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളുടെ സമഗ്ര വികസനമാണ് സ്വയംപര്യാപ്ത ഗ്രാമങ്ങൾ എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.<br>ഒരു കോളനിയ്ക്ക് ഒരു കോടി രൂപയാണ്, ഈ പദ്ധതി പ്രകാരം ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>ആറ് മാസക്കാലം കൊണ്ട് പദ്ധതി പ്രകാരമുള്ള പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ മേൽനോട്ടത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാരാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ബി) ഇതിനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഏജൻസികളെ തെരഞ്ഞെടുക്കുന്നത് ആരാണ്; | ബി) | i) കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര<br>ii) ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ<br>iii) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO)<br>iv) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ & ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ ലിമിറ്റഡ് (KITCO)<br>v) കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.<br>vi) പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ |

<table>
<tr>
<td></td>
<td></td>
<td>vii) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ<br>viii) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്<br>ix) സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ<br>x) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ<br>xi) ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്<br><br>07-09-2007-ലെ ജി.ഒ(പി) നം.408/2007/ഫിൻ, 20-03-2012-ലെ ജി.ഒ(പി) നം. 169/2012/ഫിൻ ഉത്തരവുകൾ പ്രകാരമുള്ള സർക്കാർ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും പദ്ധതി നടപ്പിലാക്കുന്ന കോളനികൾ ഉൾപ്പെടുന്ന മണ്ഡലത്തിലെ എം.എൽ.എയുടെ ശുപാർശ പ്രകാരമാണ് ഏജൻസികളെ തെരഞ്ഞെടുക്കുന്നത്.</td>
</tr>
<tr>
<td>സി) പത്തനംതിട്ട ജില്ലയിൽ ഇതിനായി ഏതൊക്കെ ഗ്രാമങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കോളനികളിൽ പദ്ധതിയുടെ ചുമതല ലഭിച്ചിട്ടുള്ള ഏജൻസികൾ ഏതൊക്കെ എന്നും ഇതിനോടകം നടപ്പിൽ വരുത്തിയ പദ്ധതികൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;</td>
<td>സി)</td>
<td>
<table>
<tr><th>ഗ്രാമങ്ങൾ / കോളനി</th><th>ഏജൻസി</th></tr>
<tr><td>ബിമ്മരം പട്ടികജാതി കോളനി</td><td>ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്</td></tr>
<tr><td>മുക്കട കോളനി</td><td>കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്</td></tr>
<tr><td>ചേരിക്കൽ</td><td>കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.</td></tr>
<tr><td>മീൻകുഴി</td><td>ജില്ലാ നിർമ്മിതി കേന്ദ്ര</td></tr>
<tr><td>പുന്നക്കുന്ന്.</td><td>ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്.</td></tr>
</table>
<br>പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ല. ഏജൻസികളുമായി ധാരണാപത്രം ഒപ്പിട്ട് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
</td>
</tr>
</table>

| | | |
|---|---|---|
| ഡി) പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആക്ഷൻ പ്ലാൻ തയ്യാറാക്കിയിരുന്നോ; ആക്ഷൻ പ്ലാനിലെ ഓരോ തീയതിയിലും ലക്ഷ്യമിട്ട പദ്ധതികളും, അവ യഥാർത്ഥത്തിൽ നടപ്പിലാക്കിയ തീയതിയും ജില്ല തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത കാലവിളംബത്തിന്റെ കാരണം വ്യക്തമാക്കുമോ? | ഡി) | ആക്ഷൻ പ്ലാൻ തയ്യാറാക്കിയിരുന്നുവെങ്കിലും ഏജൻസികളെ നിശ്ചയിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ലഭിക്കുന്നത് വൈകിയതിനാലാണ് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിയ്ക്കുവാൻ കാലതാമസമുണ്ടായത്. |

സെക്ഷൻ ഓഫീസർ.